പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 16

# 2011-ലെ കേരള സർക്കാർ ഭൂപതിവ് (ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2011

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

# 2011-ലെ കേരള സർക്കാർ ഭൂപതിവ് (ഭേദഗതി) ബിൽ

630/2011.

# 2011-ലെ കേരള സർക്കാർ ഭൂപതിവ് (ഭേദഗതി) ബിൽ

1960-ലെ കേരള സർക്കാർ ഭൂപതിവ് ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1960-ലെ കേരള സർക്കാർ ഭൂപതിവ് ആക്റ്റ് ഇതിനുശേഷം കാണുന്ന ആവശ്യത്തിനായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ ;

ഇന്ത്യൻ റിപ്പബ്ലിക്കിന്റെ അറുപത്തി രണ്ടാം സംവത്സരത്തിൽ താഴെപ്പറയുംപ്രകാരം നിയമമുണ്ടാക്കുന്നു :—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2011-ലെ കേരള സർക്കാർ ഭൂപതിവ് (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 1993 മാർച്ച് 19-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 7-ാം വകുപ്പിന്റെ ഭേദഗതി.—1960-ലെ കേരള സർക്കാർ ഭൂപതിവ് ആക്റ്റ് (1960-ലെ 30) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 7-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ, "സർക്കാരിന് ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്" എന്ന പ്രാരംഭ വാക്കുകൾക്കുപകരം "സർക്കാരിന് മുൻകാല പ്രാബല്യത്തോടുകൂടിയോ പിൽക്കാല പ്രാബല്യത്തോടുകൂടിയോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ് " എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

3. റദ്ദാക്കലും ഒഴിവാക്കലും.—(1) 2011-ലെ കേരള സർക്കാർ ഭൂപതിവ് (ഭേദഗതി) ഓർഡിനൻസ് (2011-ലെ 21) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽ തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

1993-ലെ കേരള ഭൂപതിവ് (1-1-1977-ന് മുമ്പുള്ള വനഭൂമി കൈവശാവകാശങ്ങൾ ക്രമീകരിച്ച് കൊടുക്കൽ) പ്രത്യേക ചട്ടങ്ങളിലെ 15-ാം ചട്ടത്തിലെ (1)-ാം ഉപചട്ട പ്രകാരം പ്രസ്തുത ചട്ടങ്ങൾ പ്രകാരം പതിച്ചു നൽകുന്ന ഭൂമി പിൻതുടർച്ചാവകാശ മുള്ളതും എന്നാൽ കൈമാറ്റം ചെയ്യാൻ പാടില്ലാത്തതുമാണ്. കൈമാറ്റം ചെയ്യുന്നതിനുള്ള നിയന്ത്രണം നീക്കം ചെയ്യാൻ ജനങ്ങളിൽ നിന്നും പരക്കെ ആവശ്യമുയർന്നിരുന്നു. ഭൂമി പതിച്ചു നൽകപ്പെട്ടവർ അത്തരം ഭൂമി 30 വർഷത്തിലേറെയായി കൈവശം വച്ചിരിക്കു ന്നതിനാലും പ്രസ്തുത ചട്ടങ്ങൾ ബാധകമായിട്ടുള്ള ഭൂമിയുടെ വിസ്തീർണ്ണം വർദ്ധി ക്കാൻ സാദ്ധ്യതയില്ലാത്തതിനാലും, പ്രസ്തുത ഭൂമിയുടെ കൈമാറ്റം നിയന്ത്രിക്കേണ്ട ആവശ്യമില്ലെന്ന് സർക്കാർ കരുതുന്നു. ആയതിനാൽ ഭൂമി പതിച്ചു നൽകപ്പെട്ടവർക്ക് ചില നിയന്ത്രണങ്ങളോടെ ഭൂമി കൈമാറ്റം ചെയ്യാവുന്ന തരത്തിൽ മുൻകാല പ്രാബല്യ ത്തോടെ ചട്ടങ്ങൾ ഭേദഗതി ചെയ്യാൻ സർക്കാർ തീരുമാനിച്ചു. എന്നാൽ, മുൻകാല പ്രാബല്യത്തോടെ ചട്ടങ്ങൾ നിർമ്മിക്കാൻ 1960-ലെ കേരള സർക്കാർ ഭൂപതിവ് ആക്റ്റിൽ ഇപ്പോൾ വ്യവസ്ഥയില്ല. അതുകൊണ്ട് മുൻകാല പ്രാബല്യത്തോടുകൂടിയോ പിൽക്കാല പ്രാബല്യത്തോടുകൂടിയോ ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് സർക്കാരിനെ പ്രാപ്തമാക്കുന്ന രീതിയിൽ 1960-ലെ കേരള ഭൂപതിവ് ആക്റ്റിലെ 7-ാം വകുപ്പ് ഭേദഗതി ചെയ്യാൻ സർക്കാർ തീരുമാനിച്ചു.

2. സംസ്ഥാന നിയമസഭ സമ്മേളനത്തിൽ അല്ലാതിരുന്നതിനാലും പ്രസ്തുത നിർദ്ദേശങ്ങൾക്ക് ഉടൻ പ്രാബല്യം നൽകേണ്ടിയിരുന്നതിനാലും 2010-ലെ കേരള സർക്കാർ ഭൂപതിവ് (ഭേദഗതി) ഓർഡിനൻസ് (2010-ലെ 52) 2010 സെപ്റ്റംബർ 12-ാം തീയതി ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2010 സെപ്റ്റംബർ 13-ാം തീയതി യിലെ 2077-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

3. 2010-ലെ 52-ാം നമ്പർ ഓർഡിനൻസിനുപകരം കേരള സംസ്ഥാന നിയമ സഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ 12-ാം കേരള നിയമസഭയുടെ 387-ാം നമ്പർ ബില്ലായി പ്രസിദ്ധീകരിച്ചുവെങ്കിലും ആയത് 2010 ഡിസംബർ 21-ാം തീയതി ആരംഭിച്ച് 2011 ജനുവരി 3-ാം തീയതി അവസാനിച്ച കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനത്തിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്ന തിനും കഴിഞ്ഞില്ല. ആയതിനാൽ പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനുവേണ്ടി 2011-ലെ കേരള സർക്കാർ ഭൂപതിവ് (ഭേദഗതി) ഓർഡിനൻസ് (2011-ലെ 15) 2011 ജുവരി 23-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെ ടുത്തുകയും ആയത് 2011 ജനുവരി 23-ാം തീയതിയിലെ 153-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

4. 2011-ലെ 15-ാം നമ്പർ ഓർഡിനൻസിനുപകരം കേരള സംസ്ഥാന നിയമസഭ യുടെ ഒരു ആക്ട് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ 12-ാം കേരള നിയമസഭയുടെ 408-ാം നമ്പർ ബില്ലായി പ്രസിദ്ധീകരിച്ചുവെങ്കിലും ആയത് 2011 ഫെബ്രുവരി 4-ാം

തീയതി ആരംഭിച്ച് 2011 ഫെബ്രുവരി 24-ാം തീയതി അവസാനിച്ച കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനത്തിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിഞ്ഞില്ല. ആയതിനാൽ പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനുവേണ്ടി 2011-ലെ കേരള സർക്കാർ ഭൂപതിവ് (ഭേദഗതി) ഓർഡിനൻസ് (2011-ലെ 21) 2011 മാർച്ച് 17-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2011 മാർച്ച് 18-ാം തീയതിയിലെ 650-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

5. 2011-ലെ 21-ാം നമ്പർ ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യ മെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽനിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ബില്ലിലെ 2-ാം ഖണ്ഡപ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ 7-ാം വകുപ്പിലെ (1)-ാം ഉപവകുപ്പ് മുൻകാല പ്രാബല്യത്തോടുകൂടിയോ പിൽക്കാല പ്രാബല്യത്തോടുകൂടിയോ ചട്ടങ്ങൾ ഉണ്ടാക്കാൻ സർക്കാരിന് അധികാരം നൽകാൻ ഉദ്ദേശിക്കുന്നു.

2. ഏതെല്ലാം കാര്യങ്ങളെ സംബന്ധിച്ചാണോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നത് അവയെല്ലാം സാധാരണവും ഭരണപരവുമായ സ്വഭാവത്തോടുകൂടിയതാകുന്നു. മാത്രവുമല്ല, ചട്ടങ്ങൾ നിയമസഭയുടെ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയവുമാണ്. ആയതിനാൽ ഏല്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

തിരുവഞ്ചൂർ രാധാകൃഷ്ണൻ

(ശരിത്തർജ്ജമ)

## 1960-ലെ കേരള സർക്കാർ ഭൂപതിവ് ആക്റ്റ് (1960-ലെ 30)-ൽ നിന്നുള്ള പ്രസക്തഭാഗങ്ങൾ

7. ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം.—(1) സർക്കാരിന്,

(എ) പൊതുലേലംവഴിയോ അല്ലെങ്കിൽ മറ്റുവിധത്തിലോ, ഭൂമി പതിച്ചു നൽകുന്നതിനുള്ള രീതി നിർണ്ണയിച്ചുകൊണ്ടും ;

(ബി) ഭൂമി പതിച്ചു നൽകേണ്ട ആളുകളുടെ യോഗ്യതകൾ നിർണ്ണയിച്ചു കൊണ്ടും ;

(സി) പൊതുലേലംവഴിയോ അല്ലെങ്കിൽ മറ്റുവിധത്തിലോ ഭൂമി പതിച്ചു നൽകുന്നതിനുള്ള മുൻഗണനാക്രമം നിർണ്ണയിച്ചുകൊണ്ടും ;

(ഡി) അത്തരം ഭൂപതിവ് നടത്താവുന്ന അധികാരസ്ഥാനം ഏതെന്ന് നിർണ്ണയിച്ചു കൊണ്ടും ;

(ഇ) xx xx xx xx

(എഫ്) xx xx xx xx

(ജി) xx xx xx xx

(എച്ച്) xx xx xx xx

(ഐ) xx xx xx xx

(ജെ) xx xx xx xx

(കെ) xx xx xx xx

(എൽ) xx xx xx xx

(എം) xx xx xx xx

(എൻ) xx xx xx xx

(ഒ) xx xx xx xx

(പി) xx xx xx xx

(ക്യൂ) പൊതുവായി ഈ ആക്റ്റിന്റെ ഉദ്ദേശ്യങ്ങൾ നടപ്പിലാക്കുന്നതിനു വേണ്ടിയും ;

ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) xx xx xx xx

(3) xx xx xx xx